(ബി) രോഗികളോടും കൂട്ടിരിപ്പുകാരോടും സന്ദർശകരോടും സെക്യൂരിറ്റി ജീവനക്കാർ അപമര്യാദയായി പെരുമാറുന്നതും മർദ്ദിക്കുന്നതുമായ സംഭവങ്ങൾ അടിക്കടി ഉണ്ടാകുന്നത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇങ്ങനെ പെരുമാറുന്ന സെക്യൂരിറ്റി ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സർക്കാർ ആശുപത്രികളിലെത്തുന്ന ജനങ്ങളോട് മനുഷ്യത്വപരമായി പെരുമാറുന്നതിന് സെക്യൂരിറ്റി ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുമോ ?

ഉത്തരം

(എ) 4 പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പൊതുജനങ്ങളോട് മാന്യമായരീതിയിൽ പെരുമാറണമെന്ന് എല്ലാ സെക്യൂരിറ്റി ജീവനക്കാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രിയിലെത്തുന്നവരോട് ഇടപെടേണ്ടരീതി സംബന്ധിച്ച ക്ലാസ്സുകളും കൗൺസിലിംഗ് ക്ലാസ്സുകളും നിശ്ചിത ഇടവേളകളിൽ നൽകുന്നുണ്ട്. മോശമായി പെരുമാറിയതായി ബോധ്യപ്പെട്ട രണ്ടുപേരെ ജോലിയിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്.

(ഡി) ഇത്തരം പരിശീലന ക്ലാസ്സുകൾ സെക്യൂരിറ്റി ജീവനക്കാർക്ക് നൽകിവരുന്നുണ്ട്. കൂടുതൽ മെച്ചപ്പെട്ട പരിശീലനങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

ഹോമിയോ/ആയുർവേദ ആശുപത്രികൾ തുടങ്ങുന്നതിനുള്ള ചട്ടങ്ങൾ

60 (1786) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ/പ്രകൃതി ചികിത്സാ ആശുപത്രികൾ തുടങ്ങുന്നതിന് നിലവിലുള്ള ചട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; ഇവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(ബി) അലോപ്പതി ചികിത്സയിൽനിന്നും ഹോമിയോ/ആയുർവേദ ചികിസാ ആശുപത്രികൾ വ്യത്യസ്തമായിരിക്കുന്നതുകൊണ്ട് ഇവയെക്കുറിച്ച് പ്രത്യേകം പഠിച്ച് വേണ്ട ഇളവുകൾ നൽകുമോ ?

ഉത്തരം

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ആയുർവേദ സ്ഥാപനങ്ങൾ അനുവദിച്ചുവരുന്നു. ഇതിനായി പ്രത്യേക ചട്ടങ്ങൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly